പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 68

# 2012-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 68

# 2012-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ
(വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ്
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റിലെ (2008-ലെ 34) 2-ാം വകുപ്പിൽ "മാസത്തിലെ അവസാന ദിവസത്തിന്റെ" എന്ന വാക്കുകൾക്കു പകരം "സാമ്പത്തിക വർഷത്തിലെ അവസാന ദിവസത്തിന്റെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2009 ഏപ്രിൽ 24-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 154/2009/ധന. എന്ന സർക്കാർ ഉത്തരവ് പ്രകാരം സാമ്പത്തിക വർഷത്തിൽ 55 വയസ്സ് തികഞ്ഞ എല്ലാ സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരേയും ആ സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസം വരെ സേവനത്തിൽ തുടരാൻ അനുവദിച്ചിരുന്നു. മേൽ പറഞ്ഞ ഉത്തരവിനു നിയമപരമായ

സാധുത നൽകുന്നതിനു വേണ്ടി കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം 1 ചട്ടം 60-ൽ സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. ഹൈക്കോടതിയിലെ ജീവനക്കാർക്കും കൂടി മേൽപ്പറഞ്ഞ ആനുകൂല്യം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതി രജിസ്ട്രാർ ജനറൽ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഈ ആവശ്യം നിറവേറ്റുന്നതിന് ഒരു സർക്കാർ ഉത്തരവ് പര്യാപ്തമല്ലാത്തതിനാൽ 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റിൽ ഭേദഗതി വരുത്തേണ്ടത് ആവശ്യമാണ്. ആയതിനാൽ ഹൈക്കോടതിയിലെ ജീവനക്കാർക്കും ഉദ്യോഗ്സ്ഥർക്കും കൂടി മേൽ പറഞ്ഞ ആനുകൂല്യം ലഭിക്കത്തക്കവിധം പ്രസ്തുത ആക്റ്റിലെ 2-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. മേൽപറഞ്ഞ ലക്ഷ്യം നടപ്പിലാക്കുന്നതിനുദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വിരമിക്കൽ തീയതി മാർച്ച് മാസം 31-ാം തീയതിയാക്കി എകീകരിച്ചുകൊണ്ടുള്ള 2009 ഏപ്രിൽ 24-ാം തീയതിയിലെ ജി. ഒ. (പി) 154/2009/ധന. നമ്പർ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം, കേരള ഹൈക്കോടതിയിലെ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും കൂടി ലഭ്യമാക്കുന്നതിനായി 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ് ഭേദഗതി ചെയ്യുവാൻ ബില്ലിന്റെ 2-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഇതുമൂലം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും ചെലവുണ്ടാകുമെങ്കിലും വർഷം തോറുമുള്ള അതിന്റെ ആവർത്തക സ്വഭാവവും വ്യത്യാസവുംമൂലം ഈ ഇനത്തിൽ ഉണ്ടായേക്കാവുന്ന യഥാർത്ഥ ചെലവ് കൃത്യമായി കണക്കാക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുന്നതല്ല.

ഉമ്മൻ ചാണ്ടി

(ശരിത്തർജ്ജമ)

# 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭഗങ്ങൾ
(2008-ലെ 34)

** ** **

2. ഹൈക്കോടതി സർവ്വീസുകളിലെ വിരമിക്കൽ പ്രായം നിജപ്പെടുത്തൽ.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും ചട്ടത്തിലോ, ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധി ന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള ഹൈക്കോടതിയിലെ ഒരു ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ ജീവനക്കാരന്റെ നിർബന്ധിത വിരമിക്കൽ പ്രായം അയാൾക്ക് 55 വയസ്സ് പൂർത്തിയാകുന്ന മാസത്തിലെ അവസാന ദിവസത്തിന്റെ ഉച്ചയ്ക്കുശേഷം പ്രാബല്യത്തിൽ വരുന്നതാണ്.

** ** **